KERALA KERAKARSHAKA SAHAKARANA FEDERATION Ltd. No. 4370

KERAFED
കേരാഫെഡ്

An ISO Certified 9001:2015 Kerala Government Enterprise

KFD/EXT/609/PROCS/2025-26/273 Dated : 27/06/2025

## ക്വട്ടേഷൻ (പച്ചത്തേങ്ങ സംഭരണ ഏജൻസി)

കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിക്കുന്നതിനായി വിവിധ സംഭരണ ഏജൻസികൾ/സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും ടെൻഡറുകൾ ക്ഷണിക്കുന്നു.

കൃഷി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര കർഷകരിൽ നിന്നും സംഭരിക്കുന്ന ഗുണനിലവാരമുള്ള പച്ചത്തേങ്ങ കേരാഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗോഡൌണുകളിൽ താഴെപ്പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ സംഭരിച്ച് നൽകേണ്ടതാണ്.

<u>പ്രവർത്തിയുടെ വിശദാംശങ്ങൾ :</u>

1. വെള്ളത്തോട്ടുകൂടി പൊതിച്ച മൂപ്പെത്തിയ പച്ചത്തേങ്ങ (Green Coconut) സംഭരിക്കേണ്ടതും, കൃത്യമായി തൂക്കം രേഖപ്പെടുത്തി നൽകേണ്ടതുമാണ്.

2. ഗുണനിലവാരം ഉറപ്പാക്കാൻ സംഭരണകേന്ദ്രത്തിൽ പച്ചത്തേങ്ങ തരംതിരിക്കേണ്ടതാണ്.

3. മൂപ്പെത്താത്തതും, കേടുപാടുകൾ ഉള്ളതുമായ പച്ചത്തേങ്ങ കേരാഫെഡ് സ്വീകരിക്കുന്നതല്ല. അത്തരം പച്ചത്തേങ്ങ തരംതിരിച്ച് കർഷകന് തിരികെ നൽകേണ്ടതാണ്.

4. ഗുണനിലവാരമുള്ള പച്ചത്തേങ്ങ തരംതിരിച്ച് മാറ്റേണ്ടതും അളവ് (തൂക്കം) കൃത്യമായി രേഖപ്പെടുത്തി പച്ചത്തേങ്ങ നൽകിയ കർഷകന്റെ അക്കൌണ്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5. ഇപ്രകാരം സ്വീകരിക്കുന്ന പച്ചത്തേങ്ങ ഉടൻതന്നെ ഗോഡൌണിനുള്ളിലേയ്ക്ക് മാറ്റേണ്ടതാണ്.

6. പച്ചത്തേങ്ങ സംഭരണത്തിന് തടസ്സം നേരിടാത്ത വിധത്തിൽ ആവശ്യമായ തൊഴിലാളികളെ ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി ജോലി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

7. കരാറുകാരന്റെ ഉത്തരവാദിത്വക്കുറവുകൊണ്ട് സംഭരണത്തിൽ കേരാഫെഡിന് കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ കരാറുകാരന്റെ വീഴ്ചയായി കണ്ട് അതിനുള്ള നഷ്ടപരിഹാരം കരാറുകാരന്റെ പക്കൽനിന്നും കേരാഫെഡ് ഈടാക്കുന്നതായിരിക്കും.

8. കേരാഫെഡിന്റെ സംഭരണകേന്ദ്രത്തിൽ കർഷകരിൽ നിന്നും സ്വീകരിക്കുന്ന പച്ചത്തേങ്ങ സംസ്കരണഏജൻസികൾക്ക് കൈമാറുമ്പോൾ, മൂപ്പെത്താത്തതോ, ഗുണനിലവാരം കുറഞ്ഞതോ ആയി കണ്ടെത്തി അത് നിരസിച്ചാൽ, അതിന്റെ അളവിന് ആനുപാതികമായ വില സംഭരണഏജൻസിയിൽ നിന്നും ഈടാക്കുന്നതാണ്. ഇപ്രകാരം സംഭവിച്ചാൽ നിരസിക്കുന്ന പച്ചത്തേങ്ങ സംഭരണഏജൻസിക്ക് എടുക്കാവുന്നതാണ്.

9. പ്രസ്തുത കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും.

10. കരാറുകാരൻ സമർപ്പിക്കുന്ന ഓരോ ബില്ലിൽ നിന്നും 5% തുക കേരാഫെഡ് നിലനിർത്തൽ തുകയായി പിടിച്ചുവെക്കുന്നതാണ്. കരാർ അവസാനിക്കുന്ന മുറയ്ക്ക് ഈ തുക തിരികെ നൽകുന്നതായിരിക്കും. ഈ തുകയ്ക്ക് യാതൊരുവിധമായ പലിശയും നൽകുന്നതല്ല.

11. ടെൻഡർ കരസ്ഥമാക്കുന്ന ഏജൻസി നിർബന്ധമായും കേരാഫെഡുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

12. കർഷകർക്ക് നൽകേണ്ട പച്ചത്തേങ്ങയുടെ വില, കേരാഫെഡ് നേരിട്ട് കർഷകരുടെ അക്കൌണ്ടിലേയ്ക്ക് നൽകുന്നതാണ്.

ക്വട്ടേഷൻ തുക രേഖപ്പെടുത്തി നൽകുന്നതിനുള്ള ഫോറം ചുവടെ ചേർക്കുന്നു..

| ക്രമ നം. | സ്ഥലം | സംഭരിക്കുന്ന പച്ചത്തേങ്ങയുടെ കൈകാര്യച്ചെലവ് |
|---|---|---|
| 1 | ചെറുപുഴ പഞ്ചായത്ത് (കണ്ണൂർ ജില്ല) | .................. രൂപ /ക്വിന്റൽ |

നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ EMD 1000/- രൂപയോടൊപ്പം (അതാത് ഏജൻസികളുടെ പേരിലായിരിക്കണം EMD സമർപ്പിക്കേണ്ടത്), 04/07/2025 ഉച്ചയ്ക്ക് 2.30 മണിക്ക് മുമ്പായി "മാനേജിംഗ് ഡയറക്ടർ, കേരാഫെഡ്, കേര ടവർ, വാട്ടർ വർക്ക്സ് കോമ്പൌണ്ട്, വികാസ് ഭവൻ.പി.ഒ, വെള്ളയമ്പലം, തിരുവനന്തപുരം - 695 033" എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. (Tender Opening Date - 04/07/2025, 3.30 PM).

ടെൻഡർ സ്വീകരിക്കുന്നതിനോ നിരുപാധികം നിരസിക്കുന്നതിനോ ഉള്ള അവകാശം കേരാഫെഡിൽ മാത്രം നിക്ഷിപ്തമായിരിക്കും.

(സാജു കെ.സുരേന്ദ്രൻ ഐ.ഇ.എസ്)
മാനേജിംഗ് ഡയറക്ടർ